**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 387** — **13-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യവും മത്സ്യോല്പന്നങ്ങളും കേടുകൂടാതെ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും വൻതോതിൽ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം സംസ്ഥാനത്തേക്ക് എത്തുന്നത് മത്സ്യത്തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും താല്പര്യത്തിന് ഹാനികരമായതിനാൽ ഗുണനിലവാരമില്ലാത്ത മത്സ്യവിപണനം സംസ്ഥാനത്ത് കുറ്റകരമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അയൽ സംസ്ഥാനങ്ങളിൽ നിന്നും അതിർത്തി കടന്ന് സംസ്ഥാനത്തെ മാർക്കറ്റുകളിൽ എത്തുന്ന മത്സ്യം പരിശോധിയ്ക്കുന്നതിന് ചെക്ക് പോസ്റ്റുകൾ, റെയിൽവെ സ്റ്റേഷനുകൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തി വരുന്നു. പ്രസ്തുത പരിശോധനകളിൽ മത്സ്യത്തിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുകയോ കേടായ മത്സ്യം കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 സെക്ഷൻ 38(4) പ്രകാരം ടി മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ച് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യ വില്പന തടയുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലകൾതോറും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പ്രസ്തുത ടാസ്ക് ഫോഴ്സിലെ അംഗങ്ങളാണ്. ടാസ്ക് ഫോഴ്സിലെ ഉദ്യോഗസ്ഥർ ചേർന്ന് വിവിധ മത്സ്യമാർക്കറ്റുകളിലും ഫിഷിംഗ് ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും അന്യ സംസ്ഥാനങ്ങളിൽ നിന്നും മത്സ്യം കൊണ്ടുവരുന്ന വാഹനങ്ങളിലും പരിശോധന നടത്തുന്നുണ്ട്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ചെടുത്ത 'ക്വാളിറ്റി ടെസ്റ്റിംഗ് കിറ്റ്' ഉപയോഗിച്ച് മത്സ്യത്തിൽ ഫോർമാലിൻ/ അമോണിയ എന്നിവയുടെ സാന്നിദ്ധ്യം തൽസമയം കണ്ടെത്താൻ കഴിയും. |
| (ബി) | സംസ്ഥാനത്ത് മത്സ്യം പിടിക്കുന്നത് മുതൽ ഉപഭോക്താവിലെത്തുന്നതുവരെ ഗുണനിലവാരം നിലനിർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; മത്സ്യം | (ബി) | സംസ്ഥാനത്ത് മത്സ്യം പിടിക്കുന്നത് മുതൽ ഉപഭോക്താവിലെത്തുന്നതു വരെ |

| | | | |
|---|---|---|---|
| | കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഐസ് ബോക്സ് നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | | ഗുണനിലവാരം നിലനിർത്താൻ ഫിഷറീസ് വകുപ്പിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യം കേടു കൂടാതെ കരയ്ക്കെത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഐസ് ബോക്സ് നൽകി വരുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന മത്സ്യം സംഭരണ കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതു മുതൽ ഫിഷ് മാർട്ടുകൾ വഴി ഉപഭോക്താക്കളിലെത്തിക്കുന്നതുവരെ ഗുണനിലവാരം നിലനിർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021 പ്രകാരം മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. പ്രസ്തുത ആക്ടിന്റെ ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലാണ്. 'സംസ്ഥാന മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി'' രൂപീകരിച്ച് ഉത്തരവാകുകയും, അതിൻ പ്രകാരം ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) | ഉപഭോക്താക്കൾക്ക് കേടുവരാത്ത മത്സ്യവും മത്സ്യോല്പന്നങ്ങളും ലഭ്യമാക്കുന്നതിന് ആരംഭിച്ചിട്ടുള്ള ഓൺലൈൻ മത്സ്യവിപണനം വിപുലീകരിക്കുന്നതിനും അന്തിപ്പച്ച ഫിഷ് മാർട്ടുകളും മൊബൈൽ ഫിഷ് മാർട്ടുകളും കൂടുതലായി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്ന് തന്നെ എത്തിക്കുന്നതിന് 2017 ൽ ആരംഭിച്ച പദ്ധതിയാണ് അന്തിപ്പച്ച മൊബൈൽ യൂണിറ്റ്. ഉപഭോക്താക്കൾക്ക് രാസപദാർത്ഥങ്ങൾ കലരാത്ത ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിന് ആരംഭിച്ച ഈ പദ്ധതിയിൽ ആദ്യം 5 മൊബൈൽ യൂണിറ്റുകളാണ് ഉണ്ടായിരുന്നത്. അത് വിപുലീകരിച്ച് നിലവിൽ 15 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഓൺലൈൻ മത്സ്യവിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി മത്സ്യസംഭരണം മുതൽ വിതരണം വരെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഓൺലൈൻ ആപ്ലിക്കേഷൻ മത്സ്യഫെഡ് രൂപകല്പന ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ